# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഓഗസ്റ്റ് 5**

---

## റെഗുലർ പ്രോഗ്രാമിനു തുല്യമായ ഓൺലൈൻ എം.കോം; എം.ജിയിൽ പഠിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ റെഗുലർ പ്രോഗ്രാമിനു തുല്യമായി യു.ജി.സി അംഗീകരിച്ച ഓൺലൈൻ എം.കോമിന്റെ നാലാമത്തെ ബാച്ചിൽ പ്രവേശനം ആരംഭിച്ചു. ഓഗസ്റ്റ് 31 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

നാഷണൽ അസസ്മെൻറ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ(നാക്) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റാങ്കിംഗ് ഫ്രെയിം വർക്ക് (എൻ.ഐ.ആർ.എഫ്) റാങ്കിംഗുകളിൽ മികവ് നിലനിർത്തുന്ന സർവകലാശാലകൾക്കു മാത്രമാണ് ഓൺലൈൻ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾ നടത്തുന്നതിന് യു.ജി.സി. അനുമതി നൽകുന്നത്. സംസ്ഥാനത്ത് റെഗുലർ പ്രോഗ്രാമിനു തുല്യമായ ഓൺലൈൻ പി.ജി പ്രോഗ്രാമുകൾക്ക് അനുമതി ലഭിച്ചിട്ടുള്ളത് എം.ജി. സർവകലാശാലയ്കു മാത്രമാണ്.

വിദ്യാർഥികളുടെ സൗകര്യവും താത്പര്യവുമനുസരിച്ച് പഠിക്കാൻ സാധിക്കും എന്നതാണ് ഈ ഓൺലൈൻ എം.കോമിന്റെ പ്രധാന സവിശേഷത. പ്രായപരിധി ഇല്ല. ജോലിയോടൊപ്പം പഠനം തുടരാൻ ആഗ്രഹിക്കുന്നവർക്കും പ്രയോജനപ്പെടുത്താൻ കഴിയുംവിധമാണ് പ്രോഗ്രാം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

അഡ്മിഷൻ മുതൽ ബിരുദദാനം വരെ കൃത്യമായ സ്ക്രീനിംഗ് സംവിധാനവും വിദഗ്ധ അധ്യാപകരുടെ മേൽനോട്ടത്തിൽ നിരന്തര വിലയിരുത്തലുമുണ്ട്. ഇൻറേണൽ, എക്സ്ടേണൽ പരീക്ഷകൾ ഉൾപ്പെടെ എല്ലാ നടപടികളും ഓൺലൈനിൽ പൂർത്തീകരിക്കാൻ സാധിക്കുന്നതിനാൽ ഒരു ഘട്ടത്തിലും വിദ്യാർഥികൾ സർവകലാശാലയിൽ നേരിട്ട് എത്തേണ്ടതില്ല. പഠന വിഷയങ്ങളിൽ വദ്യാർഥികളുടെ സംശയങ്ങൾ പരിഹരിക്കുന്നതിന് അധ്യാപകരുടെ ലൈവ് ഓൺലൈൻ സേവനവുമു ണ്ട്.

ഏതു സമയത്തും ഉപയോഗിക്കാവുന്ന റെക്കോർഡ് ചെയ്ത വീഡിയോ ക്ലാസുകളും ഓൺലൈൻ പഠന സാമഗ്രികളും ലേണിംഗ് മാനേജ്മെൻറ് സിസ്റ്റം എന്ന ഓൺലൈൻ സംവിധാനം മുഖേന ലഭിക്കും. വിദേശ രാജ്യങ്ങളിൽനിന്നുള്ള വിദ്യാർഥികൾക്കും വിദേശത്തുള്ള ഇന്ത്യക്കാർക്കും പ്രോഗ്രാമിൽ ചേരാനാകും. നിലവിലെ ബാച്ചുകളിൽ വിദേശികൾ ഉൾപ്പെടെയുള്ള വിദ്യാർഥികളുണ്ട്. അക്കാദമിക്

കലൻഡറിന്റെ അടിസ്ഥാനത്തിൽ പരീക്ഷയും ഫലപ്രഖ്യാപനവും സമയബന്ധിതമായാണ് നടത്തുക.

നാലു സെമസ്റ്ററുകളായി ക്രമീകരിച്ചിരിക്കുന്ന രണ്ടു വർഷത്തെ പ്രോഗ്രാമിന് www.mguonline.ac എന്ന വെബ്- സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഒരു സെമസ്റ്ററിന് 18000 രൂപയാണ് ഫീസ്. പട്ടികജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ട വിദ്യാർഥികൾക്ക് ഫീസിൽ 40 ശതമാനം ഇളവ് ലഭിക്കും.

എം.കോം പ്രോഗ്രാമിനെക്കുറിച്ചുള്ള വിശദാംശങ്ങൾ 9778429536. 9778429538 എന്നീ നമ്പരുകളിൽ ലഭിക്കും.

(പി.ആർ.ഒ/39/934/2023)

## ഇന്റഗ്രേറ്റഡ് എം.എസ്.സി; സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആന്റ് റിസർച്ച് ഇൻ ബേസിക് സയൻസസിൽ(ഐ.ഐ.ആർ.ബി.എസ്) ഫിസിക്സ്, കമ്പ്യൂട്ടർ സയൻസ്, എൻവൺമെന്റൽ സയൻസ് പഞ്ചവത്സര ഇന്റഗ്രേറ്റഡ് എം.എസ്.സി പ്രോഗ്രാമുകളിൽ ഒഴിവുള്ള ഒന്നു വീതം സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ ഓഗസ്റ്റ് ഏഴിന് നടക്കും.

സയൻസ് വിഷയങ്ങളിൽ 60 ശതമാനത്തിൽ കുറയാത്ത മാർക്കോടെ പ്ലസ് ടൂ വിജയിച്ചവർക്ക് പങ്കെടുക്കാം. താത്പര്യമുള്ളവർ യോഗ്യതാ രേഖകൾ സഹിതം ഓഗസ്റ്റ് ഏഴിന് രാവിലെ 11ന് മുൻപ് സർവകലാലാലാ കാമ്പസിലെ ഐ.ഐ.ആർ.ബി.എസിൽ എത്തണം. ഫോൺ– 9567544740. ഇ മെയിൽ – iirbs@mgu.ac.in

(പി.ആർ.ഒ/39/935/2023)

## പരീക്ഷാ തീയതി

ബി.എസ്.സി നഴ്സിംഗ് ഒന്നാം വർഷം മുതൽ നാലാം വർഷം വരെ (2012 – 2015 അഡ്മിഷൻ സെപ്ഷ്യൽ സപ്ലിമെന്ററി, 2010, 2011 അഡ്മിഷൻ സെക്കൻഡ് മെഴ്സി ചാൻസ്-നഴ്സിംഗ് കൗൺസിലിന്റെ പ്രാഥമിക പരീക്ഷ വിജയിച്ചവർക്കുള്ളത്) പരീക്ഷ ഓഗസ്റ്റ് 14 ന് ആരംഭിക്കും.

(പി.ആർ.ഒ/39/936/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ എം.സി.എ ഡിഗ്രി പരീക്ഷകൾ ഓഗസ്റ്റ് 16ന് ആരംഭിക്കും. ഓഗസ്റ്റ് ഒൻപതു വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടു കൂടി ഓഗസ്റ്റ് പത്തിനും സൂപ്പർ ഫൈനോടു കൂടി ഓഗസ്റ്റ് 11നും അപേക്ഷ സ്വീകരിക്കും.

....................

രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ്.സി, എം.എ പരീക്ഷകൾക്ക്(2022 അഡ്മിഷൻ റെഗുലർ) ഓഗസ്റ്റ് 11 മുതൽ 19 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഓഗസ്റ്റ് 21ന് ഫൈനോടു കൂടിയും 22ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/937/2023)

## വൈവ

നാലാം സെമസ്റ്റർ എം.എ തമിഴ് (സി.എസ്.എസ് 2021 അഡ്മിഷൻ റെഗുലർ, 2020, 2019 അഡ്മിഷനുകൾ സപ്ലിമെന്ററി, ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ വൈവ പരീക്ഷ ഓഗസ്റ്റ് 10ന് മൂന്നാർ ഗവൺമെന്റ് കോളജിൽ നടക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/938/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.എസ്.സി സുവോളജി(സി.എസ്.എസ്-2021 അഡ്മിഷൻ റെഗുലർ 2020,2019 അഡ്മിഷനുകൾ സപ്ലിമെന്ററി, ജൂൺ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 10 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/939/2023)

## പരീക്ഷാ ഫലം

മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ, എൽ.എൽ.ബി(ഓണേഴ്സ്) സപ്ലിമെന്ററി പരീക്ഷയുടെ(2017, 2016 അഡ്മിഷനുകൾ) ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഓഗസ്റ്റ് 21ന് മുൻപ് പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ സമർപ്പിക്കണം.

(പി.ആർ.ഒ/39/940/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**